Ref. R01/OVC/230928

Date: 28-09-2023

# സെനറ്റ് മീറ്റിങ് റിപ്പോർട്ട്

**തിയ്യതി:** 24-09-2023 ഞായർ
**സമയം:** ഉച്ചക്ക് 2 മണി മുതൽ വൈകീട്ട് 4.10 വരെ

ദാറുൽഹുദാ ഇസ്‌ലാമിക സർവകലാശാലയുടെ സെനറ്റ് അംഗങ്ങളുടെ 2023-'24 അധ്യയന വർഷത്തിലെ ആദ്യ യോഗം 24-09-2023 ഞായറാഴ്ച്ച ഉച്ചക്ക് 2.00 മണി മുതൽ വൈകീട്ട് 4.10 വരെ വാഴ്സിറ്റിയിലെ മീറ്റിങ് ഹാളിൽ ചേരുകയുണ്ടായി. 63 അംഗങ്ങളിൽ 33 പേർ പങ്കെടുത്തു.

**യോഗത്തിൽ സംബന്ധിച്ചവർ**

1. ഡോ.ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി
2. യു.ശാഫി ഹാജി ചെമ്മാട്
3. കെ.എം സൈതലവി ഹാജി പുലിക്കോട്
4. ഡോ.യു.വി.കെ മുഹമ്മദ്
5. ഉമർ ഫൈസി മുക്കം
6. പി.കെ മുഹമ്മദ് ഹാജി
7. പ്രെഫ.ഡോ. എ അബ്ദുറഹ്മാൻ
8. എം.പി സിദ്ദീഖ് ഹാജി ചെറുമുക്ക്
9. ടി.അബ്ദുല്ല ഹാജി ഓമച്ചപ്പുഴ
10. ഡോ.കെ.ടി ജാബിർ ഹുദവി
11. ഡോ.എൻ.എ.എം അബ്ദുൽ ഖാദർ
12. ശാഹുൽ ഹമീദ് മാസ്റ്റർ മേൽമുറി
13. പ്രൊഫ. ഡോ. ബശീർ മാസ്റ്റർ പനങ്ങാങ്ങര
14. പി.എം ഹംസ ഹാജി
15. കുഞ്ഞി പോക്കർ കുട്ടി കെ.വി.പി
16. പി.അബ്ദുറഹീം മാസ്റ്റർ ചുഴലി
17. അഡ്വ.കെ.കെ സൈതലവി പാലത്തിങ്ങൽ
18. കെ.കെ അബ്ദുൽ കബീർ ഹാജി ഓമച്ചപ്പുഴ
19. ഹനീഫ മൂന്നിയൂർ
20. പി.കെ ശരീഫ് ഹുദവി ചെമ്മാട്
21. ഡോ.ഫൈസൽ ഹുദവി മാരിയാട്
22. അബ്ദുശ്ശുക്കൂർ ഹുദവി ചെമ്മാട്
23. ഹാരിസ് ഹുദവി മടപ്പള്ളി
24. മീറാൻ സഅ്ദ് ദാരിമി
25. ശമീർ ഹുദവി മേൽമുറി
26. സയ്യിദ് ഫഖ്റുദ്ദീൻ ഹസനി കണ്ണന്തള്ളി
27. കെ.പി അബൂബക്കർ ഹാജി കണ്ണാടിപ്പറമ്പ്
28. ഡോ.കെ.പി ജഅ്ഫർ ഹുദവി കൊളത്തൂർ
29. ഇ.കെ സിറാജുദ്ദീൻ ഹുദവി പൊടിയാട്
30 ഡോ.പി.കെ ശാഫി ഹുദവി വെളിമുക്ക്

31. പി.റശീദ് ഹുദവി ഏലംകുളം
32. ഡോ.റഫീഖ് ഹുദവി കരിമ്പനക്കൽ
33. പി.കെ അബ്ദുന്നാസിർ ഹുദവി കൈപ്പുറം

പ്രാർത്ഥനക്ക് ശേഷം അധ്യക്ഷൻ ഡോ.ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി അംഗങ്ങളെ അഭിസംബോധനം ചെയ്തു സംസാരിച്ചു. ആഗസ്റ്റ് മാസം നടത്തിയ സിൻഡിക്കേറ്റ് വിസിറ്റിന്റെ വിവരങ്ങൾ അംഗങ്ങളുമായി പങ്കുവെച്ചു. വിദ്യാഭ്യാസത്തിന്റെ കാര്യക്ഷമതയാണ് ഇന്ന് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയെന്നും നമ്മുടെ ലക്ഷ്യങ്ങളിലേക്ക് സുഗമമായ രീതിയിൽ നീങ്ങണമെന്നും സാംസ്കാരിക ഔന്നത്യത്തിന്റെ നിദാനം വിദ്യാഭ്യാസമാണെന്നും വൈസ് ചാൻസിലർ ഓർമ്മപ്പെടുത്തി.

ശേഷം രജിസ്ട്രാർ ഡോ.റഫീഖ് ഹുദവി കരിമ്പനക്കൽ മുൻ സെനറ്റ് റിപ്പോർട്ട് അവതരിപ്പിക്കുകയും അജണ്ടകൾ വിശദീകരിക്കുകയും ചെയ്തു. പിന്നീട് അജണ്ട ഓരോന്നായി ചർച്ചക്കെടുത്തു.

**1. അർധ വാർഷിക അക്കാദമിക റിപ്പോർട്ട്**

2023–24 അധ്യയന വർഷത്തെ അക്കാദമിക റിപ്പോർട്ട് രജിസ്ട്രാർ ഡോ.റഫീഖ് ഹുദവി കരിമ്പനക്കൽ അവതരിപ്പിച്ചു. നിലവിൽ യു.ജി വിഭാഗത്തിൽ 37 സ്ഥാപനങ്ങളിലായി (രണ്ടു വനിതാ സ്ഥാപനങ്ങളടക്കം) 9290 വിദ്യാർത്ഥികളും പി.ജി വിഭാഗത്തിൽ 689 പേരും ഹിഫ്ദുൽ ഖുർആൻ കോഴ്സിൽ 60 പേരും (ആകെ 10039 വിദ്യാർത്ഥികൾ) പഠനം നടത്തുന്നുണ്ടെന്ന് രജിസ്ട്രാർ അറിയിച്ചു. ഭാഗികർ അടക്കം 742 അധ്യാപകരാണ് ദാറുൽഹുദാ സംവിധാനത്തിൽ സേവനം ചെയ്യുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ദാറുൽഹുദാ പൊതു വിദ്യാഭ്യാസ സംവിധാനമായ സിപെറ്റിനു കീഴിലുള്ള മഹ്ദിയ്യ കോഴ്സിൽ 66 പഠന കേന്ദ്രങ്ങളിലായി 3605 വിദ്യാർത്ഥിനികളും ബംഗാളിലും ആസാമിലുമുള്ള ഡേ സ്കൂളുകളിലായി 290 പേരും പഠനം നടത്തികൊണ്ടിരിക്കുന്നു.

ബോർഡ് ഓഫ് സ്റ്റഡീസ്, കരിക്കുലം കമ്മിറ്റി, അക്കാദമിക് കൗൺസിൽ, എജ്യുക്കേഷൻ ബോർഡ്, യു.ജി മാനേജ്മെന്റ് മീറ്റ്, മഹ്ദിയ്യ മാനേജ്മെന്റ് വർക്ക്ഷോപ്പ്, മഹ്ദിയ്യ അലുംനി മീറ്റ് എന്നിവയടക്കം 35 യോഗങ്ങൾ ഇക്കാലയളവിൽ നടന്നു. അധ്യാപകർക്കായി വിവധ തലങ്ങളിൽ 10 പരിശീലന ക്യാമ്പുകളും സംഘടിപ്പിച്ചു.

മെന്റർ ഹാൻഡ് ബുക്ക്, തർബിയ കരിക്കുലം, സിവിൽ സർവീസ് പ്രൊജെക്, ഹാപ്പിനസ് ക്ലബ്, മഹ്ദിയ്യ അലുംനി അസോസിയേഷൻ, ട്രൈനേഴ്സ് ട്രെയ്നിങ് പ്രോഗ്രാം, ഉർദു ഡിബേറ്റ് ക്ലബ് എന്നിവ പുതുതായി ആവിഷ്കരിച്ചു. കേരളത്തിലെ 9 അഫിലിയേറ്റഡ് കോളേജുകളിൽ സിൻഡിക്കേറ്റ് സന്ദർശനവും നാല് സ്ഥാപനങ്ങളിൽ ഇൻസ്പെക്ഷനും ഇക്കാലയളവിൽ നടന്നു. ഈ അധ്യയന വർഷം മുതൽ പുതുതായി നടപ്പിലാക്കിയ അറബിക് ഫോർ ഓളിന്റെ പുരോഗതി വിലയിരുത്തുന്നതിനായി 28 സ്ഥാപനങ്ങളിൽ പ്രത്യേക ഇൻസ്പെക്ഷനും നടത്തിയതായി രജിസ്ട്രാർ അറിയിച്ചു.

**ചർച്ചകൾ**

സ്ഥാപനങ്ങളിൽ അധ്യാപകരെ നിയമിക്കുന്നത് യൂണിവേഴ്സിറ്റി നേരിട്ടാണോ, അതോ സ്ഥാപനങ്ങൾ സ്വന്തമായി ചെയ്യുകയാണോ എന്ന് ഡോ. എൻ.എ.എം അബ്ദുൽഖാദിർ ചോദിച്ചു. സ്ഥാപന പ്രതിനിധികൾ ദാറുൽഹുദായിൽ വന്നു തങ്ങൾക്കുവേണ്ട സബ്ജക്ട് ഏരിയകളിൽ മിടുക്കരായ വിദ്യാർഥികളെ ഇന്റർവ്യൂ ചെയ്താണ് പുതിയ അധ്യാപകരെ തെരഞ്ഞെടുക്കുന്നതെന്ന് രജിസ്ട്രാർ അറിയിച്ചു. ഈ നിബന്ധന സ്ഥാപനങ്ങൾ പിന്തുടരുന്നുണ്ടെന്നോയെന്ന് ഉറപ്പുവരുത്താറുണ്ടോ എന്ന് ശാഹുൽഹമീദ് മേൽമുറി ആരാഞ്ഞു. ചില സ്ഥാപനങ്ങൾ ഇക്കാര്യം ശ്രദ്ധിക്കാറില്ലെന്ന് രജിസ്ട്രാർ വ്യക്തമാക്കി. അധ്യാപകരുടെ വേതനം, മറ്റു ഉത്തരവാദിത്വങ്ങൾ എന്നിവ ദാറുൽഹുദാ നേരിട്ടു വഹിക്കാത്തതിനാൽ അവരെ നിർബന്ധിക്കുന്നതിന് പരിധിയുണ്ടെന്ന് അംഗങ്ങൾ വിശദീകരിച്ചു. എന്നാലും അക്കാദമിക കാര്യങ്ങളിൽ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് പ്രയാസമില്ല എന്ന് ഡോ. എൻ.എ.എം അബ്ദുൽഖാദിർ, ശാഹുൽഹമീദ് മേൽമുറി എന്നിവർ നിർദേശിച്ചു.

സ്റ്റുഡന്റ്സ് എക്സ്ചെയ്ഞ്ച് എങ്ങനെയാണ് നടക്കുന്നതെന്ന് ഡോ. കെ.ടി ജാബിർ ഹുദവി അന്വേഷിച്ചു. നമ്മുടെ സംവിധാനത്തിൽ അധ്യാപക-വിദ്യാർത്ഥി കൈമാറ്റം ഇതുവരെ നടപ്പിലാക്കിയിട്ടില്ലെന്ന് രജിസ്ട്രാർ അറിയച്ചു. നിലവിൽ സീനിയർ സെക്കണ്ടറി അവസാന വർഷ വിദ്യാർത്ഥികൾക്ക് ഓപ്പൺ അലോട്ട്മെന്റ് വഴി താൽപര്യമുള്ള യു.ജി കോളേജുകളിലേക്ക് ട്രാൻസ്ഫറാകാനുള്ള അവസരമുണ്ട്. കൂടാതെ സ്ഥാപനത്തിന് അക്കാദമിക സഹകരണമുള്ള ഇന്റർനാഷണൽ ഇസ്‌ലാമിക് യൂണിവേഴ്സിറ്റി ഓ

ഫ് മലേഷ്യയിലെ കുല്ലിയ ഓഫ് ഇസ്ലാമിക് റിവീൽഡ് നോളേജ് ആൻഡ് ഹ്യൂമൺ സയൻസിലേക്ക് തെരഞ്ഞെടുക്കപ്പെട്ട പി.ജി വിദ്യാർത്ഥികളെ അയക്കാനുള്ള ശ്രമത്തിലാണെന്ന് രജിസ്ട്രാർ വ്യക്തമാക്കി. വരും വർഷങ്ങളിൽ ദാറുൽഹുദാ സ്ഥാപനങ്ങൾക്കിടയിൽ പൂർണാർത്ഥത്തിലുള്ള വിദ്യാർഥി കൈമാറ്റം പ്രാവർത്തികമാക്കാൻ കഴിഞ്ഞ യു.ജി സ്ഥാപന ഭാരവാഹികളുടെ യോഗത്തിൽ നിർദേശം വന്നിട്ടുണ്ടെന്നും രജിസ്ട്രാർ വിശദീകരിച്ചു.

മുതിർന്ന വിദ്യാർഥികൾക്ക് കരിക്കുലത്തിന്റെ ഭാഗമായിത്തന്നെ അധ്യാപന പരിശീലന ക്ലാസുകൾ നൽകുന്നത് നല്ലതാണെന്നു റഹീം ചുഴലി അഭിപ്രായപ്പെട്ടു. പിജി അവസാന വർഷ വിദ്യാർഥികൾക്ക് ഈ ക്ലാസുകൾ നൽകാറുണ്ടെന്നു രജിസ്ട്രാർ അറിയിച്ചു. ഒരു വർഷത്തിൽ ഒതുക്കാതെ 3 വർഷമെങ്കിലും നീളുന്ന പദ്ധതിയായി നടത്തണമെന്ന് ഡോ. ബശീർ പനങ്ങാങ്ങര ആവശ്യപ്പെട്ടു. കുറച്ചുപേരെയെങ്കിലും ഇത്തരത്തിൽ വിശദമായ പരിശീലന പദ്ധതിയുടെ ഭാഗമാക്കണമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. ആഗോള പ്രബോധന പ്രവർത്തനമാണ് ദാറുൽഹുദായുടെ ലക്ഷ്യമെന്നതിനാൽതന്നെ, മുഴുവൻ വിദ്യാർഥികൾക്കും പരിശീലനം ആവശ്യമാണെന്ന് യു. ശാഫി ഹാജി അറിയിച്ചു.

നിലവിൽ സേവനം ചെയ്യുന്ന അധ്യാപകർക്കായി നടത്തപ്പെടുന്നതാണ് അക്കാദമിക് റിപ്പോർട്ടിൽ പരാമർശിച്ച സി.ബി.പി കോഴ്സ് എന്നു രജിസ്ട്രാർ പറഞ്ഞു. വിശദമായ പരിശീലന പദ്ധതിക്ക് രൂപം കാണാൻ അക്കാദമിക് കൗൺസിലിനോട് ശുപാർശ ചെയ്യാൻ യോഗം ആവശ്യപ്പെട്ടു.

ക്വാളിറ്റി അഷ്വറൻസ് ഓഫീസിലും ഇൻസ്പെക്ഷനും മുഴുസമയ ഉദ്യോഗസ്ഥർ ആവശ്യമാണെന്ന് പി.ജിയിൽ അക്രഡിറ്റേഷൻ നടത്തിയ സമയത്ത് ബോധ്യപ്പെട്ടതായി ഡോ. ബശീർ പനങ്ങാങ്ങര അറിയിച്ചു. വർഷം തോറും രണ്ടു തവണയെങ്കിലും എല്ലാ സ്ഥാപനങ്ങളിലും ഇൻസ്പെക്ഷൻ നടത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. സ്ഥിരം ഇൻസ്പെകടർമാരെ ലഭിക്കുന്നതിലുള്ള പ്രയാസമാണ് ഇക്കാര്യത്തിലുള്ളതെന്നും സാധ്യമായ രീതികളിൽ ഇൻസ്പെക്ഷൻ നടത്തുന്നുണ്ടെന്നും ബഹു. ജനറൽ സെക്രട്ടറി വിശദീകരിച്ചു.

**2. അക്കാദമിക് കൗൺസിലിന്റെ തീരുമാനങ്ങൾക്ക് അംഗീകാരം നൽകൽ**

2023-24 അക്കാദമിക വർഷത്തെ പ്രഥമ അക്കാദമിക് കൗൺസിൽ യോഗം 06-09-2023 ന് ഡോ.യു.വികെ മുഹമ്മദ് സാറിന്റെ അധ്യക്ഷതയിൽ ചേർന്നുവെന്നും വിവധ ബോർഡ് ഓഫ് സ്റ്റഡീസ് സമർപ്പിച്ച നിർദേശങ്ങൾ സംബന്ധിച്ച വിശദമായ ചർച്ചകൾ നടന്നുവെന്നും രജിസ്ട്രാർ അറിയിച്ചു. അക്കാദമിക് കൗൺസിൽ റിപ്പോർട്ട് അദ്ദേഹം അവതരിപ്പിച്ചു. കൗൺസിൽ നിർദേശങ്ങൾക്ക് സെനറ്റ് അംഗീകാരം നൽകി. ആഡ്ഓൺ കോഴ്സുകളും പി.ജി ഡിപ്പാർട്ട്മെന്റുകൾക്ക് കീഴിലായി അക്കാദമിക് ജേണലും ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് രജിസ്ട്രാർ അറിയിച്ചു. ജേണലുകളിലേക്കുള്ള ലേഖനങ്ങൾക്കായി വിദ്യാർത്ഥികളുടെ പി.ജി തീസിസ് ഉപയോഗിക്കാമെന്ന് രജിസ്ട്രാർ അഭിപ്രായപ്പെട്ടു. തീസിസുകൾ ലേഖനങ്ങളാക്കുമ്പോൾ അവയുടെ നിലവാരം പരിശോധിക്കണമെന്ന് വൈസ് ചാൻസിലർ നിർദേശിച്ചു. ജേണലുകളിലേക്കുള്ള ലേഖനങ്ങളും മറ്റു കൃതികളും പ്രത്യേക സമിതിയുടെ മേൽനോട്ടത്തിലാണ് അന്തിമമാക്കുന്നതെന്ന് രജിസ്ട്രാർ മറുപടി പറഞ്ഞു.

**3. സെക്കണ്ടറി & സീനിയർ സെക്കണ്ടറി എജ്യുക്കേഷൻ ബോർഡ് തീരുമാനങ്ങൾക്ക് അംഗീകാരം നൽകൽ**

സെക്കണ്ടറി & സീനിയർ സെക്കണ്ടറി എജ്യുക്കേഷൻ ബോർഡ്, ചെയർമാൻ ഡോ.അബ്ദുറഹ്മാൻ അരീക്കാടന്റെ അധ്യക്ഷതയിൽ 03-09-2023 ന് യോഗം ചേർന്ന് കരിക്കുലം കമ്മിറ്റി നിർദേശങ്ങൾക്ക് അംഗീകാരം നൽകി.

**4. ബിരുദദാനം**

ദാറുൽഹുദാ ഇസ്ലാമിക സർവകലാശാലയുടെ പന്ത്രണ്ട് വർഷത്തെ പഠനവും രണ്ട് വർഷത്തെ നിർബന്ധിത സേവനവും പൂർത്തിയാക്കിയ ഇരുപത്തിയാറാം ബാച്ചിലെ 227 പണ്ഡിതർക്ക് ബിരുദം നൽകാനുണ്ടെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു. പരീക്ഷ പാസായി, പി.ജി തീസിസ് സമർപ്പിച്ച, സേവനം ഉൾപ്പെടെയുള്ള മറ്റു മാനദണ്ഡങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കിയവർക്കായി മൗലവി ഫാദിൽ അൽ ഹുദവി ബിരുദം നൽകാൻ തീരുമാനിച്ചു.

**അനുബന്ധ ചർച്ചകൾ**

നിർബന്ധിത സേവന കാലയളവിൽ ബി.എഡ് അടക്കമുള്ള ടീച്ചർ ട്രെയ്നിങ് കോഴ്സുകൾ ചെയ്യുന്നതി

നെ സംബന്ധിച്ച് ഡോ.യു.വി.കെ മുഹമ്മദ് ആരാഞ്ഞു. സേവന കാലയളവിൽ ജോലികളേറ്റെടുക്കുന്നതിനാൽ ഇത്തരം കോഴ്സുകൾ ചെയ്യാൻ സാധിക്കില്ലെന്ന് ബഹു.ജന.സെക്രട്ടറി അഭിപ്രായപ്പെട്ടു. എന്നാൽ ഉപരിപഠനത്തിന് പോകുന്നത് നിബന്ധനകളോടെ സേവനമായി പരിഗണിക്കാറുണ്ടെന്നും അത്തരത്തിൽ ശ്രമിക്കാമെന്നും യോഗം വിലയിരുത്തി.

പഠനം പൂർത്തിയാക്കിവരും വിദ്യാർത്ഥികളുമടക്കം നിരവധി പേർ തമിഴ്നാട് യൂനിവേഴ്സിറ്റിയുടെ വിദൂര ബി.എഡ് കോഴ്സ് ചെയ്യുന്നുണ്ടെന്ന് രജിസ്ട്രാർ അറിയച്ചു. ഇത്തരത്തിലുള്ള കോഴ്സുകൾ കൊണ്ട് നാം ഉദ്ദേശിക്കുന്ന തരത്തിലുള്ള അധ്യാപക പരിശീലനം ലഭിക്കില്ലെന്ന് ബഹു.ജനറൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

**5. യു.ജി കോളേജുകളിൽ പുതുതായി അനുവദിച്ച ഡിപ്പാർട്ട്മെന്റുകൾക്ക് അംഗീകാരം നൽകൽ**

എം.ഐ.സി ദാറുൽഇർശാദ് അക്കാദമി ഉദുമ, ശംസുൽഹുദാ ഇസ്‌ലാമിക് അക്കാദമി കുറ്റിക്കാട്ടൂർ, ശിഹാബ് തങ്ങൾ ഇസ്‌ലാമിക് അക്കാദമി വാകേരി, നൂറുൽഹിദായ ഇസ്‌ലാമിക് അക്കാദമി പട്ടാമ്പി എന്നീ സ്ഥാപനങ്ങളിൽ പുതുതായി അനുവദിച്ച ഡിഗ്രി ഡിപ്പാർട്ടുമെന്റുകൾക്ക് സെനറ്റ് അംഗീകാരം നൽകി. ശംസുൽഹുദാ അക്കാദമിയും ശിഹാബ് തങ്ങൾ അക്കാദമിയും ദാറുൽഹുദാ യു.ജി അക്രഡിറ്റേഷനിൽ ഡിഗ്രി അംഗീകാരത്തിനു വേണ്ട ഗ്രെയ്ഡുകൾ കരസ്ഥമാക്കിയിരുന്നെങ്കിലും ദാറുൽഇർശാദ് അക്കാദമിയും നൂറുൽഹുദാ അക്കാദമിയും പ്രത്യേക ഇൻസ്പെക്ഷൻ നടത്തി, വേണ്ട സൗകര്യങ്ങൾ ഉറപ്പുവരുത്തിയാണ് ഡിഗ്രി തുടങ്ങാൻ അർഹത നേടിയതെന്ന് രജിസ്ട്രാർ അറിയിച്ചു.

ഓരോ സ്ഥാപനത്തിനും അനുവദിച്ച ഡിപ്പാർട്ടുമെന്റുകൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ദാറുൽ ഇർശാദ് ഇസ്‌ലാമിക് അക്കാദമി, ഉദുമ | സിവിലൈസേഷനൽ സ്റ്റഡീസ് |
| 2 | ശംസുൽ ഹുദാ ഇസ്‌ലാമിക് അക്കാദമി, കുറ്റിക്കാട്ടൂർ | സിവിലൈസേഷനൽ സ്റ്റഡീസ് |
| 3 | ശിഹാബ് തങ്ങൾ ഇസ്‌ലാമിക് അക്കാദമി, വാകേരി | സിവിലൈസേഷനൽ സ്റ്റഡീസ് |
| 4 | നൂറുൽ ഹിദായ ഇസ്‌ലാമിക് അക്കാദമി, പട്ടാമ്പി | അറബിക് ലാൻഗ്വേജ് ആൻഡ് ലിറ്ററേച്ചർ |

**6. മമ്പുറം തങ്ങൾ സാംസ്കാരിക പൈതൃക പഠന കേന്ദ്രം**

19ാം നൂറ്റാണ്ടിലെ മത-സാമൂഹിക-സാംസ്കാരിക മണ്ഡലങ്ങളിൽ സ്തുത്യർഹമായ സംഭാവനകളർപ്പിച്ച മമ്പുറം സയ്യിദ് അലവി മൗലദ്ദവീല തങ്ങളുടെ പേരിൽ ഉചിതമായൊരു സാംസ്കാരിക-പൈതൃക പഠന കേന്ദ്രം സ്ഥാപിച്ചെടുക്കുക എന്ന ഉദ്ദേശ്യത്തിൽ 185-ാം മമ്പുറം ആണ്ടു നേർച്ചയോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ വെച്ച് പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി.

1. പൈതൃക മ്യൂസിയം
2. ഗവേഷണ കേന്ദ്രം
3. ചരിത്രരേഖാ സമർപ്പണം
4. ഗ്രന്ഥാലയം
5. ചെയർ ഫോർ കമ്യൂണൽ ഹാർമണി

എന്നിങ്ങനെ അഞ്ച് പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നതെന്നും ചരിത്ര ഗവേഷകനും ഗ്രന്ഥകാരനുമായ ഡോ.മോയിൻ ഹുദവി മലയമ്മയെ പ്രൊജക്ട് ഓഫീസറായി നിയമിച്ചിട്ടുണ്ടെന്നും രജിസ്ട്രാർ അറിയിച്ചു. ആത്മീയ നേതാവ് എന്നതിലുപരിയായി സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ നവോത്ഥാന നായകൻ കൂടിയാണ് തങ്ങളെന്നും തങ്ങളുടെ ഓർമയ്ക്ക് ഉചിതമായൊരു കേന്ദ്രം നിലവിൽ ഇല്ലാത്തതിനാൽ "മമ്പുറം തങ്ങൾ സാംസ്കാരിക പൈതൃക പഠന കേന്ദ്രം" സ്ഥാപിച്ചെടുക്കുന്നതിന് വർധിത പ്രസക്തിയുണ്ടെന്ന് വൈസ് ചാൻസിലർ വ്യക്തമാക്കി. തങ്ങളുടെ പേരിൽ വാമൊഴിയായി കൈമാറ്റം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന കഥകളടക്കം ഗവേഷണ വിഷയമാക്കണമെന്ന് ശാഹുൽ ഹമീദ് മാസ്റ്റർ അഭിപ്രായപ്പെട്ടു.

**7. പുതിയ ദേശീയ വിദ്യാഭ്യാസ പദ്ധതിയനുസരിച്ച് ഡിഗ്രി, പി.ജി പുന:ക്രമീകരണം**

പുതിയ ദേശീയ വിദ്യാഭ്യാസ പദ്ധതിയനുസരിച്ച് ദാറുൽഹുദാ ഡിഗ്രി, പി.ജി പുന:ക്രമീകരണം നടത്തുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിക്കേണ്ടതുണ്ടെന്ന് രജിസ്ട്രാർ സൂചിപ്പിച്ചു. ഇതു സംബന്ധമായി

ചർച്ച ചെയ്യുന്നതിനും തുടർ പ്രവർത്തനങ്ങൾക്കും പുതിയൊരു സമിതി രൂപീകരിക്കുന്നത് ഉചിതമാവു മെന്ന് ഡോ.ഫൈസൽ ഹുദവി മാരിയാട് അഭിപ്രായപ്പെട്ടു. തടിസ്ഥാനത്തിൽ അഞ്ചംഗ സമതി രൂപീകരി ച്ചു.

**സമിതി അംഗങ്ങൾ**

1. ഡോ.ഫൈസൽ ഹുദവി മാരിയാട്
2. ഡോ.കെ.ടി ജാബിർ ഹുദവി
3. ശാഹുൽ ഹമീദ് മാസ്റ്റർ മേൽമുറി
4. റഹീം മാസ്റ്റർ ചുഴലി
5. ഡോ.ബശീർ മാസ്റ്റർ പനങ്ങാങ്ങര

പുതിയ വിദ്യാഭ്യാസ പദ്ധതി ദാറുൽഹുദാ അഡ്മിഷനെ ബാധിക്കുമോയെന്ന് ജന.സെക്രട്ടറി ആരാഞ്ഞു. അഡ്മിഷന് തടസ്സങ്ങളുണ്ടാവാനിടയില്ലെന്ന് ഡോ.കെ.ടി ജാബിർ ഹുദവി വിശദീകരിച്ചു. വിദേശ രാജ്യ ങ്ങളിലെ വിദ്യാഭ്യാസ സംവിധാനങ്ങളെ സംബന്ധിച്ച് പഠനം നടത്തി അവ നടപ്പിലാക്കാനാവുമോ യെന്നും പരിശോധിക്കണമെന്ന് വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു.

**8. മറ്റു ചർച്ചകൾ**

- യു.എ.ഇയിൽ അധ്യാപക ജോലി ചെയ്യുന്ന ഹുദവികൾ നേരിടുന്ന സർട്ടിഫിക്കറ്റ് അംഗീകാരവു മായി ബന്ധപ്പെട്ട് തുടർനടപടികൾക്ക് ശ്രമിക്കുന്നുണ്ടോയെന്ന് ഫൈസൽ ഹുദവി മാരിയാട് ചോ ദിച്ചു. സാധ്യമാവുന്നത് ചെയ്തിട്ടുണ്ടെന്ന് രജിസ്ട്രാർ മറുപടി പറഞ്ഞു. പ്രധാനമന്ത്രിയുടെ ഓ ഫീസുമായി നേരിട്ടിടപ്പെട്ടാൽ പരിഹാരമാവുമോ എന്ന് യു.എ.ഇയിൽ ജോലി ചെയ്യുന്ന ഹുദവി കൾ അന്വേഷിച്ചതായി രജിസ്ട്രാർ അറിയിച്ചു. ഇത്തരം ഓഫീസുകൾ വഴി യാതൊന്നും സാധ്യ മാവില്ലെന്ന് വൈസ് ചാൻസിലർ ആശങ്ക രേഖപ്പെടുത്തി. ഹുദവികളുടെയോ ദാറുൽഹുദാ യുടെയോ നേതൃത്വത്തിൽ അന്താരാഷ്ട്ര യൂനിവേഴ്സിറ്റികളുടെ സബ് സെന്റർ തുടങ്ങി അവയുടെ അംഗീകാരം നേടുക വഴി പ്രശ്ന പരിഹാരം സാധ്യമാണോയെന്നന്വേഷിക്കണമെന്ന് ഡോ.ഫൈ സൽ ഹുദവി മാരിയാട് അഭിപ്രായപ്പെട്ടു.
- ദാറുൽഹുദാ മഹാരാഷ്ട്രാ കാമ്പസ് ഉദ്ഘാടനം ഒക്ടോബർ 1 ന് പാണക്കാട് സയ്യിദ് സ്വാദിഖലി ശിഹാബ് തങ്ങൾ നിർവഹിക്കുമെന്നും സാധ്യമാകുന്നവർ പരിപാടിയിൽ സംബന്ധിക്കണമെന്നും വൈസ് ചാൻസിലർ അറിയിച്ചു. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ ദാറുൽഹുദായും ഹാദി യയും നടത്തുന്ന പ്രവർത്തനങ്ങൾ നേരിൽ കാണാനുള്ള ശ്രമങ്ങൾ നടത്തണമെന്ന് വൈസ് ചാൻസിലർ കൂട്ടിച്ചേർത്തു.
- ദാറുൽ ഹസനാത്ത് ഇസ്ലാമിക് കോളേജ് മാനേജ്മെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള സം ഘം ബംഗാൾ കാമ്പസ് സന്ദർശനം നടത്തിയത് സെനറ്റ് പ്രശംസിച്ചു. ശ്രദ്ധേയമായ പ്രവർത്തന ങ്ങളാണ് ഹുദവികൾ നടത്തുന്നതെന്നും ഇത്തരം സ്ഥാപനങ്ങൾ നാം ഓരോരുത്തരും സന്ദർശി ക്കണമെന്നും സംഘാംഗമായിരുന്ന കെ.പി അബൂബക്കർ ഹാജി പറഞ്ഞു.
- അധ്യാപകർ മാതൃകായോഗ്യരാവണമെന്നും എന്നാലേ നമ്മുടെ പ്രവർത്തനങ്ങൾക്ക് ഫലപ്രാപ്തി ഉണ്ടാവൂ എന്നും ഉമർ ഫൈസി മുക്കം സൂചിപ്പിച്ചു.
- മാനേജിങ് കമ്മിറ്റി ജനറൽ സെക്രട്ടറി യു.ശാഫി ഹാജി നന്ദി പറഞ്ഞു. ദാറുൽഹുദായുടെ സ്ഥാപിത ലക്ഷ്യങ്ങൾക്ക് കോട്ടം തട്ടാത്ത രീതിയിലുള്ള കാലോചിതമായ മാറ്റങ്ങൾ നടപ്പിലാക്ക ണമെന്നും വിദ്യാർത്ഥികളുടെ അക്കാദമിക പുരോഗതിയിൽ കൂടുതൽ ശ്രദ്ധ നൽകണമെന്നും അ ദ്ദേഹം ആവശ്യപ്പെട്ടു.
- വൈകീട്ട് 4.20 ന് യോഗം സമാപിച്ചു.

DARUL HUDA ISLAMIC UNIVERSITY KERALA, INDIA 676 306 CHEMMAD, MALAPPURAM

**Approved by:** 07-10-23
**Dr. Bahauddeen Muhammad Nadwi**
**Vice Chancellor**